പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1335 — 03/12/2018-ൽ മറുപടിയ്ക്ക്

## സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന ഗവൺമെന്റ് ഹൈസ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി 229 സ്കൂളുകളെ കിഫ്ബിയുടെ 3 കോടി രൂപയുടെ ധനസഹായ പദ്ധതിയിലുൾപ്പെടുത്തി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുക യുണ്ടായി. അതിൽ 186 സ്കൂളുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും 70 സ്കൂളുകളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് . ഇതു കൂടാതെ 5 കോടി കിഫ്ബി ധനസഹായത്തിലുൾപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ 141 സ്കൂളുകളെ തെരഞ്ഞെടുത്ത് കിഫ്ബി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 138 സ്കൂളുകളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും 137 സ്കൂളുകളുടെ വർക്ക് അവാർഡ് ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ അവിടനല്ലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് 1000 കുട്ടികൾ ഉണ്ടായിട്ടും 3 കോടി രൂപ അനുവദിച്ച് കൊണ്ടുള്ള ബജറ്റ് പ്രസംഗത്തിൽ ടി സ്കൂൾ ഉൾപ്പെടാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1000 കുട്ടികളിൽ കൂടുതൽ ഉള്ളതും 2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാതെ പോയതുമായ സ്കൂളുകളെ തുടർന്നുള്ള വർഷത്തിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതാണ്. |
| (സി) | എങ്കിൽ പ്രസ്തുത സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാനുള്ള 3 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ? | |

Namitha

**സെക്ഷൻ ഓഫീസർ**